Draft #1 of File EI23/1665/T1 Approved by ASSISTANT REGISTRAR XI (EXAM) on 26-Oct-2019 01:24 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2019-2020 ലെ സർവ്വകലാശാലാ പരീക്ഷകൾ- കാർമൽ എഞ്ചിനീയറിംഗ് കോളേജ് ,പെരുനാട് റാന്നി -യിലെ വിദ്യാർത്ഥികൾക്ക് കാഞ്ഞിരപ്പള്ളി,അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് പരീക്ഷാകേന്ദ്രമായി അനുവദിച്ചുകൊണ്ടുള്ള വൈസ് ചാൻസലറുടെ ഉത്തരവ്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5198/EA 2/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.10.2019

---

പരാമർശം:-1. 24.06.2019 തീയതിയിലെ കാർമൽ എഞ്ചിനീയറിംഗ് കോളേജ് ,പെരുനാട്, റാന്നി - പ്രിൻസിപ്പലിന്റെ കത്ത് .

2. 24.07.2019 തീയതിയിലെ കാഞ്ഞിരപ്പള്ളി,അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ ഇ മെയിൽ.

3. 09.10.2019 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ് .

**ഉത്തരവ്**

24.06.2019 തീയതിയിൽ പരാമർശം (1) പ്രകാരം റാന്നി, പെരുനാട്, കാർമൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ , 2018-'19 അധ്യയന വർഷം മുതൽ നിലവിലുള്ള എല്ലാ കോഴ്സുകളും നിർത്തലാക്കുകയാണെന്നും, ടി കോളേജ് പരീക്ഷാ കേന്ദ്രമായി വരുന്നതിൽനിന്നു ഒഴിവാക്കി തരണമെന്നും, കോളേജിലെ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷകൾ എഴുതുന്നതിനു സൗകര്യപ്രദമായി പുതിയ പരീക്ഷാ കേന്ദ്രം അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു.

കാർമൽ എൻജിനീയറിംഗ് കോളേജിൽ നടത്തിവന്നിരുന്ന എല്ലാ ബ്രാഞ്ചുകളും നിലവിൽ സമീപസ്ഥമായ കാഞ്ഞിരപ്പള്ളി, അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലുണ്ട് എന്ന് അക്കാദമിക് വിഭാഗം അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, കാഞ്ഞിരപ്പള്ളി, അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ സമ്മതം ആരായുകയും, 24.07.2019 തീയതിയിൽ പരാമർശം (2) പ്രകാരം തങ്ങളുടെ സപ്ലിമെന്ററി വിദ്യാർത്ഥികൾക്കൊപ്പം പെരുനാട് കാർമൽ എഞ്ചിനീയറിംഗ് കോളേജ് -ലെ സപ്ലിമെന്ററി വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്താൻ സമ്മതമാണെന്ന് ടി കോളേജ് അറിയിക്കുകയും ചെയ്തു. പരാമർശം (3) പ്രകാരം റാന്നി, പെരുനാട് കാർമൽ എഞ്ചിനീയറിംഗ് കോളേജ് -ലെ സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് കാഞ്ഞിരപ്പള്ളി, അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് , പരീക്ഷാകേന്ദ്രമായി അനുവദിച്ചുക്കൊണ്ടു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോൺ എ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 .പ്രിൻസിപ്പൽ ,അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്/ കാർമൽ എഞ്ചിനീയറിംഗ് കോളേജ്

2 . വൈസ് ചാൻസലർ/പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3 .രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ മാർ

4 .ജെ .ആർ I/ II /III/IV/ ഡി.ആർ II / VIII എ.ആർ XI / XVII (പരീക്ഷ)

5 .ജെ.ആർ II / ഡി.ആർ II /എ .ആർ II (അക്കാദമിക്)

6. ഇ ഐ XXIII /എ .സി.എ IV സെക്ഷൻ

6 .സി.ഇ സെക്ഷൻ/ എ .സി.സി I / II സെക്ഷൻ

7 .ഐ ക്യൂ എ സി/കണ്ടന്റ് മാനേജ്‌മെൻറ്

8 .സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File EI23/1665/T1 Approved by ASSISTANT REGISTRAR XI (EXAM) on 26-Oct-2019 01:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം